VISWAKAIRALI

# വിശ്വകൈരളി

A MAGAZINE OF THE WORLD MALAYALEE FEDERATION

WORLD MALAYALEE FEDERATION
WMF®
WORLD'S LARGEST
PRAVASI MALAYALEE NETWORK

# 07
September
2022



കവർ സ്റ്റോറി

## ഓർമ്മകളിലെ രാജ്ഞി
## ക്വീൻ എലിസബത്ത്

# പരിസ്ഥിതി
# ഭൗമദിന പതിപ്പ്

# എഡിറ്ററിന്റെ സന്ദേശം





**സപ്ന അനു ബി ജോർജ്**
ചീഫ് എഡിറ്റർ, ഒമാൻ

പ്രിയപ്പെട്ട  വേൾഡ് മലയാളി സുഹൃത്തുക്കളേ,

വേനൽക്കാലത്തെ അതിജീവിച്ച് നമ്മൾ ശരത്കാലത്തെ സ്വീകരിക്കാൻ തയ്യാറാവുന്നു. ശരത്കാലം വേനൽക്കാലത്തേക്കാൾ ചൂടും കുറഞ്ഞ്, ഇലകൾക്ക് നിറം മാറുന്നു. ഗ്രാമങ്ങളും നഗരങ്ങളും ശരത്കാലത്തിൽ നിറങ്ങളാൽ ജ്വലിക്കുന്നു. ശൈത്യകാലത്തിനായുള്ള ഒരു തയ്യാറെടുപ്പുകൂടിയാണ് ഈ മാസങ്ങൾ. വിളകളുടെ ഒരു കരുതൽ ശേഖരണത്തിലൂടെ കർഷകർ അവരുടെ വിളവെടുപ്പ് നടത്തിക്കഴിഞ്ഞു. കേരളത്തിൽ കന്നിമാസം തീരുന്നത് തുലാവർഷത്തിനായുള്ള കാത്തിരിപ്പുകൂടിയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ചൂട് നീങ്ങി മഴക്കാലങ്ങൾ എത്തിച്ചേരുന്നു. യൂറോപ്പ്, അമേരിക്ക, തുടങ്ങിയ മറ്റ് രാജ്യങ്ങളും ഈ കാലവസ്ഥാ വ്യത്യാസങ്ങളാൽ നിറഞ്ഞു നിൽക്കുന്നു. ഗൾഫ് സംസ്ഥാനങ്ങളിലും ചൂടുകാറ്റിന്റെ ശക്തി കുറഞ്ഞതിനാൽ ഒമാനടക്കമുള്ള രാജ്യങ്ങളിൽ കൃഷിയിൽ താൽപര്യമുള്ളവർ മണ്ണൊരുക്കലിലും വിത്തു പാകലിലും വ്യാപൃതരായിരിക്കുന്നു. ഓണക്കാലങ്ങളുടെ ആഘോഷങ്ങളും ഇനിയും പലയിടത്തും കഴിഞ്ഞിട്ടില്ല എന്നുതന്നെ പറയാം.

കോവിഡ് കാലങ്ങളെ മറന്ന്, നമ്മുടെ ഉറ്റവരുടെയും ഉടയവരുടെയും സുഹൃത്തുക്കൾക്കുമൊപ്പം ആയിരുന്നു ഇത്തവണത്തെ ഓണാഘോഷം എന്നത് ഒരു വലിയ അനുഗ്രഹം തന്നെയായിരുന്നു. ഒട്ടുമിക്ക രാജ്യത്തുമുള്ള നമ്മുടെ കൂട്ടായ്മകളുടെ ഓണാഘോഷങ്ങളുടെ ചിത്രങ്ങളും മനസ്സിന് ധാരാളം സന്തോഷം തരുന്നു. ഇനിയുള്ള മാസങ്ങൾ നമ്മുടെ വേൾഡ് മലയാളി ഫെഡറേഷൻ അത്യുത്സാഹത്തോടെ പ്രവർത്തിക്കാൻ തയ്യാറായി എന്നതിനുദാഹരണമായി, പലതരം സാമൂഹ്യപ്രവർത്തനങ്ങളും, രക്തദാനക്യാംബുകളും, ആഘോഷങ്ങളും മറ്റും നടന്നതിന്റെ വിശദവിവരങ്ങൾ വാർത്തകളായി എത്തിക്കൊണ്ടിരിക്കുന്നു. ഇതുവരെയുള്ള നമ്മുടെ പ്രസ്ഥാനത്തിന്റെ ഉന്നനത്തിനായി പ്രശംസനീയമായ പ്രവർത്തനങ്ങളാണ് ഒരോ മെബർമാരും നേതൃത്വം വഹിക്കുന്നവരും ചെയ്തു വരുന്നു. ഇനി മുന്നോട്ടുള്ള പ്രവർത്തനങ്ങളും സമൂഹത്തിനും, അവരവരുടെ രാജ്യത്തിനും, നമ്മൾ പ്രതിനിധീകരിക്കുന്ന കേരളം എന്ന സംസ്ഥാനത്തിനും അഭിമാനം തോന്നത്തക്ക വിധത്തിലായിരിക്കണം എന്ന് ഗ്ലോബൽ ചെയർമാൻ ശ്രീ.പ്രിൻസ് പള്ളിക്കുന്നേലും, ഗ്ലോബൽ പ്രസിഡൻറ് ഡോ.ജെ. രത്നകുമാറും എല്ലാ മെംബർമാരെയും വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. മുന്നോട്ടുള്ള ഒരോ മാസങ്ങളിലും നാം ഒരോരുത്തരും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങൾക്കായി തയ്യാറെടുക്കാം. വാരാനിരിക്കുന്ന താങ്ക്സ് ഗിവിംഗ്, ക്രിസ്തുമസ് കാലങ്ങൾക്ക് തുടക്കം കുറിക്കുന്ന ഈ വരുന്ന ഒക്റ്റോബർ മാസം.

നമ്മുടെ ഈ പരിസ്ഥിതി ലക്കത്തിൽ, പതിവ് പംക്തികൾക്കൊപ്പം ക്വീൻ ഏലിസബെത്തിനെക്കുറിച്ചുള്ള ലേഖനങ്ങൾ, പലരുടെയും ഓർമ്മകളിലെ കാലാവസ്ഥ വ്യതിയാനങ്ങളെയും, സൈക്ലോനുകളെയും, ലേഖനങ്ങളായും കവിതകളായും, കഥകളായും എഴുതിച്ചേർത്തിരിക്കുന്നു. ഇതുകൂടെ പാചകക്കുറിപ്പും വാർത്തകളും  ഉണ്ട്. അങ്ങനെ മെമ്പൻമാരുടെ ഒരു  ‘പവർപാക്ക്ഡ്’ ലേഖനങ്ങൾ  ഇത്തവണത്തെ ലക്കത്തിൽ അവതരിപ്പിക്കുന്നു.

കൂടുതൽ കൂടുതൽ കഥകൾ കവിതകൾ ലേഖനങ്ങൾ നിങ്ങൾക്കായി കൊണ്ടുവരാനും ഞങ്ങൾ എഡിറ്റോറിയൽ ടീം ആഗ്രഹിക്കുന്നു. ഇതുവരെയുള്ളതു പോലെ മികച്ച കാൽവെയ്പ്പിന്റെ മാസങ്ങളായിരിക്കാട്ടെ എന്ന ആശംസയോടേ, ഇതാ  പരിസ്ഥിതി വിശ്വകൈരളി മാഗസിൻ.

**സപ്ന അനു ബി.ജോർജ്ജ്**
ചീഫ് എഡിറ്റർ


## വിശ്വകൈരളി

**Chief Editor:**
Sapna Anu B. George

**Advisory Board:**
Antony Puthenpurackal
Subhash David
Jaison Kaliyanil

**Editorial Team:**
Anshad Koottukunnam
Mahesh Manikom
Vidya Gireesh
Vipin Jose Arthunkal
**Design:** Kailasnath
**Cover Photo:** Sijo M. Abraham
**Contact:**
viswakairali@worldmalayaleefederation.com

Published by the World Malayalee Federation (WMF).
Reg No. ZVR-Zahl: 865685499, Wimbergergasse 5, 1070 Vienna, Austria, Europe



# ഡോ. ജെ. രത്നകുമാർ

ഡബ്ല്യു. എം. എഫ് ഗ്ലോബൽ പ്രസിഡന്റ്

പ്രീയപ്പെട്ടവരെ,

നൂതന ആശയങ്ങളിലൂടെ, വിവിധ ജനോപകാര പദ്ധതികൾ വേറിട്ട പ്രവർത്തന ശൈലിയിലൂടെ, നടപ്പിലാക്കി കേരളത്തിലും പ്രവാസ ലോകത്തും പ്രിയപ്പെട്ട സംഘടനയായി മാറികൊണ്ടിരിക്കുന്ന നമ്മുടെ 'WMF' സംഘടന ഈ ഏഴാം വർഷത്തിൽ പരിസ്ഥിതി സംരക്ഷണ വിഷയത്തിൽ ഏറ്റവും മുൻഗണന കൊടുത്തിരിക്കുകയാണ്.

പല ഘടകങ്ങളും ഉൾക്കൊള്ളുന്നതാണ് പരിസ്ഥിതി സംരക്ഷണം നാം ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, വസിക്കുന്ന പ്രദേശം, ഉപയോഗിക്കുന്ന വാഹനം, സഹവസിക്കുന്ന ജനങ്ങൾ, കടൽ, കായൽ, പുഴകൾ, പർവ്വതങ്ങൾ, കാടുകൾ, തുടങ്ങി സമൂഹം ഒന്നിച്ചനുഭവിക്കുന്ന എല്ലാം പരിസ്ഥിതിയുടെ ഭാഗമാണ്.

മനുഷ്യർ സ്വീകരിച്ചു വരുന്ന അനഭിലഷീണീയ പ്രവർത്തനങ്ങളുടെ ഫലമായി പരിസ്ഥിതിയുടെയും ഈ ഭൂമിയുടെ തന്നെയും നിലനിൽപ്പ് അപകടത്തിലാക്കിയിരിക്കയാണ്.

പ്രഥമവും പ്രധാനവുമായ ഒന്നാണ് ജൈവ വൈവിധ്യശോഷണം. **എന്താണ് ജൈവ വൈവിധ്യം:** ജീവജാലങ്ങളുടെ എണ്ണം അവ തമ്മിലുള്ള സാദൃശ്യങ്ങൾ വൈജാത്യങ്ങൾ പുനരുൽപാദനരീതികൾ ജനിതഘടനയിലുള്ള അവസ്ഥാ ഭേദങ്ങൾ ആ കൃതി ഇവയെല്ലാം കൂടി ചേർന്നതാണ് ജൈവ വൈവിധ്യം അഥവാ Biodiverstiy

യുഗയുഗാന്തരങ്ങളായി രൂപാന്തരം പ്രാപിച്ച് നമ്മൾ അനുഭവിച്ചു വരുന്ന ഈ പ്രകൃതി സൌഭാഗ്യം അടുത്ത തലമുറകൾക്ക് പകർന്നു നൽകാൻ നമ്മൾ ബാദ്ധ്യസ്ഥരല്ലേ. ഇവിടെയാണ് ജൈവവൈവിധ്യ സംരക്ഷണത്തെപ്പറ്റി നാം തീവ്രമായി ചിന്തിക്കേണ്ടത്. പല ജൈവ വിഭവങ്ങളും വംശനാശ ഭീഷണിയിലാണ്.

ഇതിൽ നിന്നും മുക്തി നേടുന്നതിന് പ്രധാനമായും നാം ചെയ്യേണ്ടത് മാലിന്യ സംസ്കരണമാണ്. അതിനെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക. പരിസ്ഥിതി നാശത്തിനു കാരണമായ ഘടകങ്ങളെ സമൂഹത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുവരിക. പ്രതികൂല സാഹചര്യങ്ങളോടു മല്ലിടാൻ സ്വയം സന്നദ്ധരാകുക. പകർച്ചവ്യാധികളെ തടയാനും ആരോഗ്യപരിപാലനത്തിനും ശുചിത്വത്തിന്റെ പ്രാധാന്യംജനങ്ങളിലെത്തിക്കുക. ജൈവ കൃഷിയെ പ്രോത്സാഹിപ്പിക്കാനുതകുന്ന സംരംഭങ്ങളും സഹായങ്ങളും നൽകുക എന്നിവയാണ്.

ആഗോള തലത്തിൽ മാതൃകയാകുന്ന ഒരു പരിസ്ഥിതി പദ്ധതിയാണ് 2022-23 വർഷങ്ങളിലായി WMF ഏറ്റെടുക്കുന്നത്. 'പ്ലാന്റ് ഫോർ പ്ലാനറ്റ്' എന്ന മന്ത്രം നാലായിരം കുരുന്നു കരങ്ങളിലൂടെ പതിനാല് ഉപപദ്ധതികളായി ഒരു വർഷക്കാലം കൊണ്ട് നടപ്പാക്കുന്ന ' ഇല' ( ELA) Environment Lovers' Association എന്ന ക്യാമ്പസ് പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പ്രോജക്റ്റാണ് WMF ഗ്ലോബൽ കമ്മറ്റിയുടെയും കേരള, കോഴിക്കോട് ഘടകങ്ങളുടെയും നേതൃത്വത്തിൽ നടപ്പാക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ ഗ്രാമീണ സർക്കാർ വിദ്യാലയമായ കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന നാലായിരത്തിൽപ്പരം കുട്ടികൾ, 150 ൽപ്പരം ജീവനക്കാർ, ഒൻപതു ഗ്രാമ പഞ്ചായത്തുകളിലെ മൂന്നു ലക്ഷത്തോളം വരുന്ന ജനസഞ്ചയം, രാഷ്ട്രീയഭരണ നേതൃത്വങ്ങൾ എന്നിവ കൈകോർത്ത് നടപ്പിലാക്കുന്ന പദ്ധതി.

ആറ് ഏക്കറോളം വരുന്ന സ്കൂൾ ക്യാമ്പസ് പരിപൂർണ്ണമായും ഹരിതാഭമാക്കുകയും, നാട്ടുപച്ചയുടെ സന്ദേശം വിപുലമായി പ്രചരിപ്പിക്കുകയും ചെയ്യുന്ന വിധത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. നാം ഹൃദയത്തിലേറ്റുന്ന ഈ അഭിമാന പദ്ധതിയ്ക്ക് ഏവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

പരിസ്ഥിതി സംരക്ഷണം എന്ന വിഷയം അടിസ്ഥാനമാക്കി വിശ്വ കൈരളിയുടെ ഈ ലക്കം തയ്യാറാക്കിയ ചീഫ് എഡിറ്റർ ശ്രീമതി സപ്നാ അനു ബി ജോർജിനും എഡിറ്റോറിയൽ ബോർഡിനും, ഇതിനു വേണ്ടി ലേഖനങ്ങൾ തയ്യാറാക്കിയ എല്ലാ എഴുത്തുകാർക്കും ഞങഎ ഗ്ലോബൽ ക്യാബിനറ്റിന്റെ പേരിലും സ്വന്തം പേരിലും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**ഡോ.ജെ രത്നകുമാർ,**

ഞങഎ ഗ്ലോബൽ പ്രസിഡന്റ്



# ഓസ്ട്രിയയിലെത്തിയ ആദ്യത്തെ മലയാളി !

(Dr. പ്രിൻസ് പള്ളിക്കുന്നേലിന്റെ ഫെയിസ് ബുക്ക് പോസ്റ്റാണ് ഈ അനുഭവകഥക്ക് പ്രചോദനം)



**പ്രിൻസ് പള്ളിക്കുന്നേൽ**
ഡബ്ല്യു. എം. എഫ്. ഗ്ലോബൽ ചെയർമാൻ

1968 ൽ അതായത് കൃത്യമായി പറഞ്ഞാൽ 54 വർഷങ്ങൾക്ക് മുമ്പ് ഓസ്ട്രിയയിൽ എത്തി ദൈവ വേലക്കായി ജീവിതം ഉഴിഞ്ഞുവെച്ച സിസ്റ്റർ ഫ്രാൻസിസ് എന്ന ചാലക്കുടിക്കാരി! ഈയടുത്ത നാളിൽ സിസ്റ്ററിനെ പരിചയപ്പെടുവാൻ ശ്രീ പ്രിൻസിന് അവസരം ലഭിച്ചു.

ഒരു പക്ഷെ ഓസ്ട്രിയയിലെത്തിയ ആദ്യത്തെ മലയാളിയെന്നൊരു സ്ഥാനംകൂടി തനിക്കുണ്ടാവാം എന്നും പരിചയപ്പെടുത്തതിനിടയിൽ സിസ്റ്റർ പറഞ്ഞു. സിയാദ് റാവ്ത്തറിന്റെ യൂറോപ്യൻ ഡയറി വീഡിയോ കണ്ട നാട്ടിലുള്ള സിസ്റ്ററിന്റെ കസിൻ 'പ്രോസി' റസ്റ്റോറൻറിനേക്കുറിച്ച് കൊടുത്ത വിവരമനുസരിച്ചാണ് കസിന്റെ മകൻ എബിനെയും കൂട്ടി കുറേ നാളുകളായി ആഗ്രഹിച്ച മസാലദോശ കഴിക്കാൻ സിസ്റ്റർ റസ്റ്റോറൻറിൽ എത്തിയത്.

പുതിയ ആളുകളെ കാണാനും പരിചയപ്പെടുവാനും എന്നും സന്തോഷവും അഭിമാനവും ഉള്ള ശ്രീ പ്രിൻസ് പള്ളിക്കുന്നേൽ മനസ്സ് തുറന്ന് അവരോട് പഴയ കാര്യങ്ങൾ തിരക്കി. 54 വർഷങ്ങൾക്ക് മുമ്പുള്ള ഓസ്ട്രിയയുടെ ജീവിതരീതികൾ സിസ്റ്റർ വിവരിച്ചത് കൗതുകത്തോടെ ശ്രീ. പ്രിൻസ് കേട്ടിരുന്നു.





മഞ്ഞുകാലങ്ങൾക്ക് ശേഷം എത്തുന്ന വേനൽക്കാലം ഏറെ ആഘോഷിക്കുന്ന ശ്രീ. പ്രിൻസിനും റെസ്റ്റോറന്റ് ജീവനക്കാർക്കും ഈ സൗഹൃദവിരുന്ന് ഒരു മറക്കാനാവാത്ത അനുഭവമായി മാറി. VK

*(നിരവധി രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള Dr. പ്രിൻസ് പള്ളിക്കുന്നൽ, പ്രോസി group ഓസ്ട്രിയയുടെ ഫൗണ്ടറും WMF ന്റെ ഗ്ലോബൽ ചെയർമാനുമാണ്)*





# വസന്തകാലത്തെ ചെറിബ്ലോസം പൂമരങ്ങൾ



**നിഷ ജൂഡ്**
ന്യൂയോർക്ക്

ജപ്പാനും അമേരിക്കയും തമ്മിലുള്ള സുഹൃദ് ബന്ധത്തിന്റെ അടയാളം ആണ് എല്ലാ വർഷവും വസന്തകാലത്തിൽ വെള്ളയും പിങ്കും നിറങ്ങളിൽ പൂവിടുന്ന ജാപ്പനീസ്  ചെറി ബ്ലോസം മരങ്ങൾ.1912 മാർച്ച് 27ന് ടോക്കിയോ സിറ്റി വാഷിംഗ്ടൺ ഡി .സിയ്ക്ക് നൽകിയ മൂവായിരത്തോളം ചെറി പൂമരങ്ങളിൽ നിന്ന് ആദ്യത്തെ രണ്ട് ചെറിമരങ്ങൾ അമേരിക്കയിലെ ജാപ്പനീസ് അംബാസഡറുടെ ഭാര്യയായ വിസ്കൗണ്ടസ് ചിണ്ടയും ഫസ്റ്റ് ലേഡി ഹെലൻ റ്റെറോൺ റ്റാഫ്റ്റും വെസ്റ്റ് പൊറ്റോമിക് പാർക്കിലെ റ്റൈയ്ഡൽ ബേസിന്റെ തീരത്തു ഒത്തുകൂടി നട്ടിരുന്നു. നാലു വർഷങ്ങൾക്കു ശേഷം ആദ്യമായി ചെറിമരങ്ങൾ






പൂവിട്ടതു മുതൽ ജപ്പാനും അമേരിക്കയും തമ്മിലുള്ള സൗഹൃദത്തിന്റെ ഓർമ്മപുതുക്കൽ, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി മാറി എല്ലാ വർഷവും ഉള്ള ചെറി ബ്ലോസ്സം പൂക്കൾ.

ജാപ്പനീസ് എംബസി തിരഞ്ഞെടുക്കുന്ന ഒരു ജാപ്പനീസ് രാജകുമാരി (ചെറിബ്ലോസ്സം പ്രിൻസസ്) ചരിത്രപ്രധാനമായ ഒരുപാട് കഥകൾ പറയാനുള്ള കൽവിളക്ക് കത്തിക്കുന്നതെല്ലാം വർഷം തോറുമുള്ള ചെറി ബ്ലോസ്സം ഫെസ്റ്റിവലിന്റെ ഭാഗം ആണ്. VK





# സാൻഡി ചുഴലിക്കാറ്റിന്റെ ഓർമ്മകൾ



**ഡോ. ആനി ലിബു**
മുൻ വൈസ് ചെയർപേഴ്സൺ

കാലാവസ്ഥാ വ്യതിയാനം ലോകമെമ്പാടുമുള്ള മനുഷ്യരാശികളെ, ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ബാധിക്കുന്നു. നമ്മുടെ ഭൂമി മാറിക്കൊണ്ടിരിക്കുകയാണ് എന്നതിന്റെ മുന്നറിയിപ്പാണ് ഇത്തരം നിമിഷങ്ങൾ.നമുക്കെല്ലാവർക്കും സ്വാതന്ത്ര്യത്തിലും സുരക്ഷിതത്വത്തിലും ജീവിക്കാനുള്ള അവകാശമുണ്ട്. എന്നാൽ കൊടുങ്കാറ്റും വെള്ളപ്പൊക്കവും കാട്ടുതീയും പോലുള്ള കാലാവസ്ഥാ സംബന്ധമായ സംഭവങ്ങളിലൂടെ കോടിക്കണക്കിന് ആളുകളുടെ സുരക്ഷയെ ഈ കാലാവസ്ഥാ വ്യതിയാനങ്ങൾ ഭീഷണിപ്പെടുത്തുന്നു.

10 വർഷം മുമ്പ്,2012 ഒക്ടോബറിൽ അസാധാരണമാംവിധം ചൂടുവെള്ളത്തിന്റെ താപനില മൂലം കരീബിയനിൽ നിന്ന് ഉയർന്നു വരുന്ന ഒരു സീസണിലെ ചുഴലിക്കാറ്റായി സാൻഡി ചുഴലിക്കാറ്റ് അമേരിക്കയെ ചുഴറ്റിയടിക്കയുണ്ടായി. സാൻഡി ചുഴലിക്കാറ്റിന്റെ 10 വർഷത്തെ വാർഷികം അടുക്കുമ്പോൾ ന്യൂയോർക്ക്, ന്യൂജേഴ്സി, വെസ്റ്റ്ചെസ്റ്റർ, കണക്റ്റിക്കട്ട്, ലോംഗ് ഐലൻഡ് എന്നിവിടങ്ങളിൽ താമസിക്കുന്ന ആളുകൾ ആ ചുഴലിക്കാറ്റിന്റെ അനുഭവങ്ങൾ ഇന്നും മറന്നിട്ടില്ല.

മെട്രോ നഗരത്തിൽ ജോലി ചെയ്യുന്ന എന്റെ ഭർത്താവ് ഈ ചുഴലിക്കാറ്റിന്റെ ഭാഗമായി ജോലിസ്ഥലത്ത് കുടുങ്ങിപ്പോയി. അവർക്ക് 24 മണിക്കൂറും 5 ദിവസവും ജോലി ചെയ്യണം എന്നാണ് കാലാവസ്ഥ ബുള്ളറ്റിനിൽ ചുഴലിക്കാറ്റ് നേരത്തെ പറഞ്ഞിരുന്നതിനാൽ ഞങ്ങൾ വീട്ടിലേക്ക് ആവശ്യമുള്ള പലചരക്ക് സാധനങ്ങൾ, എമർജെൻസിക്കായി, വിളക്ക്, മെഴുകുതിരി എന്നിവയെല്ലാം കരുതിവെച്ചിരുന്നു. എന്നാൽ വീട്ടിൽ തനിച്ചിയിരിക്കാൻ എന്നെപ്പോലെതന്നെ എല്ലാവർക്കും ഭയമായിരുന്നു. കാറ്റ് വീശിയടിക്കുന്നതും വീടിന്റെ മുൻവശത്തെ മരങ്ങൾ മുൻസിപ്പാലി



റ്റി ജോലിക്കാർ വെട്ടിമാറ്റുന്നതും ഞാൻ ജനൽ വഴി കണ്ടു. മൂന്നു ദിവസം കറന്റും സെൽ ഫോണിൽ ചാർജും ഇല്ലാതെ വീട്ടിലിരിക്കേണ്ടി വരും എന്നും മുന്നറിയിപ്പുകൾ ഉണ്ടായിരുന്നു.

ഈ കാലാവസ്ഥാ വ്യതിയാനം എന്റെ ജീവിതത്തെ വളരെ ഭയപ്പെടുത്തിയിരുന്നു, പക്ഷേ അതിനെ നേരിട്ടേ മതിയാകൂ എന്നൊരു അവസ്ഥയും ഉണ്ടായിരുന്നു. ആയിരക്കണക്കിന് വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു, എണ്ണിയാലൊടുങ്ങാത്ത കാറുകൾ ഒഴുകിപ്പോകുകയും, മറിയുകയും ചെയ്തു. ആളുകൾ പല സ്ഥലങ്ങളിലും കുടുങ്ങിക്കിടന്നു. പകരം വെക്കാനൊക്കാത്ത വിധത്തിലുള്ള വീട്ടിലെ വിശേഷവസ്തുക്കൾ പലതും ഒട്ടുമിക്കവാറും ആളുകൾക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു.




പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷവും, ശക്തമായ അന്നത്തെ മഴയും ഇടതടവില്ലാത്ത വീശിയടിച്ച ആ കൊടുങ്കാറ്റും ഞങ്ങളിൽ പലരും ഇന്നും ഓർക്കുന്നു. ആ ദിവസങ്ങളിലും ആഴ്ചകളിലും ഒന്നെ ഒന്നു മാത്രം മനസ്സിന് സന്തോഷം തന്നു, ഒരൊരുത്തരുടെ മനസ്സിലുണ്ടായ ഉത്സാഹവും സമൂഹ്യബോധവും മാത്രമാണ്. പലരുടെയും വീട്ടിലെ വൈദ്ധ്യുതി തിരിച്ചെത്താൻ ദിവസങ്ങളും ആഴ്ചകളും എടുത്തു.

ചരിത്രത്തിലെ പല സുപ്രധാന നിമിഷങ്ങളെയും അദ്ധ്യായങ്ങളും പോലെ മിക്ക ആളുകൾക്കും ആ രാത്രിയുടെയും തുടർന്നുള്ള ദിവസങ്ങളുടെയും അനുഭവങ്ങളും സ്വന്തം കഥകൾ പറയാൻ ധാരാളം ഉണ്ട്. അവർ ആരോടൊപ്പമായിരുന്നു, അവർ എവിടെയായിരുന്നു, അവർക്കോ പ്രിയപ്പെട്ടവർക്കോ സംഭവിച്ച പലവിധ നാശനഷ്ടങ്ങൾ ഇന്നും ആളുകൾ ഓർക്കുന്നു. പലർക്കും, പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ്, ആ നിർഭാഗ്യകരമായ ദിവസത്തിൽ മരണമടഞ്ഞ പ്രിയപ്പെട്ടവരോട് അവസാനമായി സംസാരിക്കുന്നതും മറ്റും മറക്കാനാവാത്ത ഓർമ്മകളായി ഇന്നും നിലനിൽക്കുന്നു. VK



# ഓർമ്മകളിലെ രാജ്ഞി ക്വീൻ എലിസബത്ത്

**ശാസ്ത്ര സാങ്കേതിക വളർച്ചയുടെ നാഴികക്കല്ലുകളിൽ മുൻ സ്ഥാനം വഹിച്ച ബ്രിട്ടന്റെ രാജ്ഞി, ധൈര്യത്തിന്റെയും നിസ്വാർത്ഥതയുടെയും പ്രതാപത്തിന്റെയും പ്രതീകം. ഏഴ് ദശാബ്ദങ്ങളിലെ ഭരണത്തോട് വിടവാങ്ങി എലിസബത്ത് രാജ്ഞി ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ ദേവാലയമായ വെസ്റ്റ് മിനിസ്റ്റർ അബെയിൽ ഇന്ന് വിശ്രമം കൊള്ളുന്നു. രാജകുടുംബത്തിൽ ജനിച്ച്, പ്രവർത്തികൾ കൊണ്ട് വിസ്മയിപ്പിച്ച്, ലോകം കണ്ട ഏറ്റവും സ്വാധീനമുള്ള വ്യക്തികളിൽ ഒരാളായ ക്വീൻ എലിസബത്ത് വിട പറയുമ്പോൾ വിസ്മരിക്കാനാവാത്ത ഭൂതകാലത്തിലേക്ക് ഒരു എത്തിനോട്ടം**



**മരിയ ജോബിൻ**
വൈസ് പ്രസിഡൻ്റ്,
യൂറോപ്പ്

## അകസ്മികമായ രാജ്ഞി പദവി

ചരിത്രം പരിശോധിച്ചാൽ ബ്രിട്ടീഷ് രാജ്ഞി എന്ന പദവി അപ്രതീക്ഷിതമായി കൈവന്നതാണെന്ന് കാണാം. പിതൃ സഹോദരനായ എഡ്വേർഡ് എട്ടാമൻ രാജ്യം ഭരിച്ചിരുന്നപ്പോൾ ഒരു അമേരിക്കൻ വിധവയെ വിവാഹം കഴിക്കുന്നതിനായി തന്റെ രാജപദവി ഉപേക്ഷിച്ചപ്പോൾ തൽസ്ഥാനത്തേക്ക് എലിസബത്ത് രാജ്ഞിയുടെ പിതാവ് അവരോധിക്കപ്പെടുകയും അദ്ദേഹത്തിന്റെ മരണശേഷം 1952 ൽ എലിസബത്ത് സെക്കൻഡ് രാജ്ഞയായി പദവി അലങ്കരിക്കുകയും ചെയ്തു. അന്നായിരുന്നു ലോക ചരിത്രത്തിൽ ആദ്യമായി രാജ്ഞിയുടെ കിരീട ധാരണം പ്രക്ഷേപണം ചെയ്തതും. 1952 ൽ കെനിയയിൽ ആയിരുന്ന എലിസബത്ത് സെക്കൻഡ് രാജ്ഞയായി ഇംഗ്ലണ്ടിൽ തിരിച്ച് വന്നത് ഒരു പുരുഷാധിപത്യ ഭരണത്തിലേക്ക് ആയിരുന്നു. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻറ് ചർച്ചിലും മറ്റ് പാർലമെൻറ് അംഗങ്ങളും



**Princess Elizabeth learning car maintenance in 1945.**
Daily Mirror/Mirrorpix/Mirrorpix via Getty Images




രാജ്ഞിയെ സ്വീകരിക്കുന്ന ചിത്രം ചുവടുടെ ചേർത്തിരിക്കുന്നു.

ഏഴു ദശാബ്ദങ്ങൾക്ക് മുമ്പ് കുടുംബ കാര്യങ്ങൾ മാത്രം നോക്കി നടന്നിരുന്ന സ്ത്രീജനങ്ങൾക്കിടയിൽ നിന്നും ഒരു രാജ്യത്തിന്റെ രാജ്ഞി പദവിയിലേക്ക് കടന്നുവന്ന എലിസബത്തിന്റെ ആദ്യകാലങ്ങളിൽ ഒട്ടനവധി വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ അവരുടെ വ്യക്തിപ്രഭാവത്തിന്റെ സവിശേഷതയിൽ 15 പ്രധാനമന്ത്രിമാർക്കൊപ്പം രാജ്യത്തെ ഭരിക്കുവാനും അന്തിമ തീരുമാനങ്ങൾ എടുക്കുവാനും അവർക്ക് കഴിഞ്ഞു.

## സ്നേഹവും സംരക്ഷണവും നൽകിയ അമ്മ

രാജ്യം എല്ലാകാലത്തും സുരക്ഷിതമായ കരങ്ങളിലാണ് എന്ന വിശ്വാസം ജനങ്ങൾക്കിടയിൽ ഉറപ്പിക്കുവാൻ രാജ്ഞിക്ക് കഴിഞ്ഞു എന്നുള്ളത് അവരുടെ ഭരണ വൈഭവത്തെയും നല്ല മാതൃത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. രാജപദവി അലങ്കരിച്ചിരുന്ന രാജ്ഞി ഔദ്യോഗിക കാര്യങ്ങളിൽ എന്നപോലെ, ഏതൊരു ജോലിക്ക് പോകുന്ന അമ്മയെപ്പോലെ തന്റെ ഒഴിവുസമയം മക്കളോടൊപ്പം ചിലവഴിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നു. മഹത്തായ തന്റെ ഔദ്യോഗിക ജീവിതത്തിനിടയിലും മക്കളുടെ പരിചരണം ഉത്തരവാദിത്വപ്പെട്ട ആളുകളെ ഏൽപ്പിച്ച രാജ്ഞി സ്നേഹവും സംരക്ഷണവും നൽകുന്ന ഒരു അമ്മയായി തന്റെ മക്കൾക്കും നാടിനും. തന്റെ മക്കൾക്ക് ഏറെ പരിചരണം ആവശ്യമുണ്ടായിരുന്ന സമയങ്ങളിൽ പോലും ഔദ്യോഗിക കാര്യങ്ങളുമായി ബന്ധപ്പെട്ട വീട്ടിൽ നിന്നും ഹൃസ്വകാലത്തേക്ക് മാറി നിൽക്കേണ്ട സാഹചര്യം രാജ്ഞിക്ക് ഉണ്ടായിട്ടുണ്ട്. അതിനു ഉദ്ദാഹരണമാണ് 1953ൽ എലിസബത്ത് 13 കോമൺവെൽത്ത് രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ ചാൾസ് രാജകുമാരന് അഞ്ചുവയസ്സ് മാത്രമായിരുന്നു പ്രായം. ഇങ്ങനെയൊക്കെയാണെങ്കിലും തന്റെ മാതാപിതാക്കളിൽ നിന്നും ചാൾസ് സ്നേഹത്തെപ്പറ്റി പഠിച്ചത് ഹസ്തദാനം മാത്രമാണ് എന്ന് ഡയാന രാജകുമാരി ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## നിസ്വാർത്ഥ സേവനത്തിന്റെ പ്രതീകം

രണ്ടാം ലോകമഹായുദ്ധകാലത്ത് ബക്കിങ്ഹാം കൊട്ടാരം തുടർച്ചയായി ആക്രമിക്കപ്പെട്ടപ്പോൾ രാജ കുടുംബാംഗങ്ങളെ കാനഡയിലേക്ക് മാറ്റുവാൻ നിർദ്ദേശം ഉണ്ടായെങ്കിലും രാജാവിനോടൊപ്പം മകളായ എലിസബത്തും രാജ്യത്തെ സംരക്ഷിക്കുന്നതിനായി യുദ്ധസേനയിൽ അംഗത്വം എടുക്കുകയും ഒരു മെക്കാനിക്കായി പരിശീലനം അഭ്യസിക്കുകയും ചെയ്തു 13 വയസ്സ് മാത്രമായിരുന്നു എലിസബത്ത് രാജ്ഞിയുടെ അന്നത്തെ പ്രായം. യുദ്ധകാലത്ത് രാജകുടുംബത്തിന്റെ ഈ സാന്നിധ്യം പൊതുജന ശ്രദ്ധ പിടിച്ചുപറ്റി.

## മാതൃകാ ദമ്പതികൾ

രാജ്ഞിയുടെയും ഫിലിപ്പ് രാജാവിന്റെയും മാതൃകാപരമായ ദാമ്പത്യജീവിതം ഇവിടെ അനുസ്മരിക്കാതിരിക്കാൻ പറ്റില്ല. രാജ്ഞിയോടൊപ്പം സഞ്ചരിക്കുമ്പോൾ ഒരു ചുവട് പിറകെ നടന്നിരുന്ന ഫിലിപ്പ് രാജാവ് കുടുംബ കാര്യങ്ങളിൽ ഒരു ചുവട് മുന്നിൽ ആയിരുന്നു. പരസ്പര സ്നേഹവും ബഹുമാനവും പങ്കുവെച്ചുള്ള അവരുടെ കുടുംബ ജീവിതം ഏവർക്കും മാതൃകയായിരുന്നു. രാജകീയ പ്രൗഢിയും മാന്യതയും വിളിച്ചോതുന്ന അവരുടെ വസ്ത്രധാരണ രീതികളും പ്രവർത്തികളും വളരെ ആകർഷണീയമായിരുന്നു.

നവോത്ഥാനത്തിനു വേണ്ടി പരിശ്രമിക്കുന്ന ഈ കാലത്ത് ഏതൊരു വനിതയ്ക്കും അഭിമാനത്തോടെ സ്മരിക്കാൻ കഴിയുന്ന ഈ ധീര വനിതയുടെ കാലഘട്ടത്തിന്റെ ഭാഗമാകുവാനും അവരുടെ ഭരണത്തിന് കീഴിൽ ജീവിക്കുവാനും കഴിഞ്ഞത് ഒരു ഭാഗ്യമായി കണ്ടുകൊണ്ട് ശില്പികളുടെ കരവിരുതിൽ രൂപപ്പെട്ട രാജ്ഞിയോടൊപ്പം. VK

ഓർമ്മ



# എലിസബത്ത് അലക്സാന്ദ്ര വിൻസ്ററർ II

**യുണൈറ്റഡ് കിങ്ഡത്തിന്റെയും മറ്റ് 14 രാജ്യങ്ങളുടെയും രാജ്ഞി ആയിരുന്നു എലിസബത്ത് രാജ്ഞി. നാൽപ്പതാമത്തെ കിരീടാവകാശി, എലിസബത്ത് അലക്സാന്ദ്ര വിൻസ്റ്റർ. 70 കൊല്ലം ആ രാജ്യത്തിന്റെ അധിപതി ആയി രാജാകീയമായി വാണ വനിത. ഏറ്റവും കൂടുതൽ കാലം ബ്രിട്ടന്റെ ചെങ്കോൽ ചൂടിയ ഭരണാധികാരി എലിസബത് രാജ്ഞി വിടവാങ്ങി.രാജ്ഞിയുടെ നിര്യാണത്തിൽ യുകെ മുഴുവൻ സമ്പൂർണ്ണ ദുഖാചരണം ഏർപെടുത്തി.**

---

എലിസബത്ത് അലക്സാന്ദ്ര മേരി വിൻഡ്സർ 1926 ഏപ്രിൽ 21ന് (GMT) 02:40ന്,എലിസബത്തിന്റെ പിതാമഹനായ ജോർജ്ജ് അഞ്ചാമൻ രാജാവിന്റെ ഭരണകാലത്ത് ജനിച്ചു. എലിസബത്തിന്റെ പിതാവ്, ഡ്യൂക്ക് ഓഫ് യോർക്ക് (പിന്നീട് ജോർജ്ജ് ആറാമൻ രാജാവ്)അദ്ദേഹത്തിന്റെ രണ്ടാമത്തെ മകനായിരുന്നു രാജാവ്. അവളുടെ അമ്മ,ഡച്ചസ് ഓഫ് യോർക്ക് (പിന്നീട് ക്വീൻ എലിസബത്ത് രാജ്ഞി അമ്മ)സ്കോട്ടിഷ് പ്രഭുവായിരുന്ന ക്ലോഡ് ബോവ്സ്ലിയോൺ, സ്ട്രാത്ത്മോറിന്റെയും കിംഗ്ഹോണിന്റെയും14ആം പ്രഭുവിന്റെ ഇളയ മകളായിരുന്നു.എലിസബത്തിന്റെ മാതൃപിതാവിന്റെ ലണ്ടൻ ഹൗസ് 17 ബ്രൂട്ടൺ സ്ട്രീറ്റ്, മെയ്ഫെയറിൽ വെച്ച് സിസേറിയൻ ശസ്ത്രക്രിയയിലൂടെ അവളെ പ്രസവിച്ചു.

യോർക്കിലെ ആംഗ്ലിക്കൻ ആർച്ച് ബിഷപ്പ് കോസ്മോ ഗോർഡൻ ലാങ്ങിൽ നിന്ന് മെയ് 29ന് ബക്കിംഗ്ഹാം കൊട്ടാരത്തിലെ സ്വകാര്യ ചാപ്പലിൽ വെച്ച് എലിസബത്ത് മാമ്മോദീസാ സ്വീകരിച്ചു, എലിസബത്തിന്റെ അമ്മയുടെ പേരിൽ എലിസബത്ത് എന്ന് നാമകരണം ചെയ്തു. 1952 ഫെബ്രുവരി ആറിനാണ് ബ്രിട്ടന്റെ രാജ്ഞിയായി അധികാരമേൽക്കുന്നത്. പിതാവിന്റെ അകാല വിയോഗത്തെ തുടർന്ന് സിംഹാസനത്തിലേറുമ്പോൾ പ്രായം 26 മാത്രം. വ്യക്തിജീവിതത്തിൽ കയറ്റിറക്കങ്ങൾ ഒരുപാടുണ്ടായെങ്കിലും രാജകുടുംബത്തിന്റെ മഹിമ എന്നും അവർ കാത്തുസൂക്ഷിച്ചു. ലോകമഹായുദ്ധകാലത്ത് കുറച്ചുകാലം മാറിനിന്നെങ്കിലും പിന്നീട് യുദ്ധരംഗത്ത് നേരിട്ട് സേവനത്തിനി



**നോബിൾ മാത്യു,**
പ്രസിഡന്റ്, WMF, യുകെ



റങ്ങി. 1947 ലാണ് അകന്ന ബന്ധുവും ദീർഘകാല സുഹൃത്തുമായ ഫിലിപ് രാജകുമാരനെ വിവാഹം കഴിക്കുന്നത്. തൊട്ടുത്ത വർഷം ചാൾസ് പിറന്നു. പിന്നീട് ആനി, ആൻഡ്രു, എഡ്വേർഡ് എന്നിവർക്കും ജന്മം നൽകി.

രാഷ്ട്രീയവും വ്യക്തിപരവുമായ കാര്യങ്ങൾ പൊതു വേദികളിൽ സംസാരിക്കാൻ ഒരിക്കലും എലിസബത്ത് രാജ്ഞി ഇഷ്ടപ്പെട്ടിരുന്നീല്ല. അതേസമയം രാജ്യത്തെ ജനാധിപത്യ ഭരണകൂടവുമായി മികച്ച ബന്ധം പുലർത്തിയ അവർ കോമൺവെൽത്ത് രാജ്യങ്ങളുടെ അധ്യക്ഷ എന്ന നിലയിൽ വിദേശരാജ്യങ്ങളുമായും നല്ല ബന്ധം കാത്തുസൂക്ഷിച്ചു.

10-ാം ദിവസം പാർലമെന്റ് നടപടികളില്ല. 'ലണ്ടൻ ബ്രിഡ്ജ് ഈസ് ഡൺ' എന്ന് ബ്രിടീഷ് പ്രധാനമന്ത്രിയുടെ സന്ദേശം. രാജ്ഞിയുടെ മരണത്തിന് പിന്നാലെ മകൻ ചാൾസ് ബ്രിട്ടന്റെ അടുത്ത രാജാവായി അധികാരത്തിലേറും. എലിസബത്ത് രാജ്ഞിയുടെ മരണത്തിൽ ലോകനേതാക്കൾ അനുശോചനം അറിയിച്ചു. ആധുനിക കാലത്തെ ധീരവനിതയായിരുന്നു എലിസബത്ത് രാജ്ഞിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. ബ്രിട്ടനേയും അവിടുത്തെ ജനങ്ങളേയും പ്രചോദിപ്പിച്ച നേതാവായിരുന്നു രാജ്ഞിയെന്നും അദ്ദേഹം ട്വീറ്റ് ചെയ്തു. പകരം വെക്കാനില്ലാത്ത നേതാവിനെയാണ് നഷ്ടമായത് എന്ന് സ്വീഡൻ പ്രധാനമന്ത്രി മഗ്ദലേന ആൻഡേഴ്സൺ പ്രതികരിച്ചു. കോമൺവെൽത്തിൽ ഉടനീളം പാർലമെന്റുകൾ അവരുടെ പതാകകൾ പകുതി താഴ്ത്തി എലിസബത്ത് രാജ്ഞിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.



എലിസബത്ത് രാജ്ഞി തന്റെ ഭരണകാലത്ത് മൂന്ന് തവണ ഇന്ത്യ സന്ദർശിച്ചു1961, 1983, 1997. ബ്രിട്ടനുമായുള്ള പുതിയ ബന്ധത്തിന്റെ തുടക്കം ഉറപ്പിച്ച്, പുതുതായി സ്വതന്ത്രമാക്കിയ രാജ്യം സന്ദർശിച്ച ആദ്യത്തെ രാജാവായിരുന്നു. മൂന്നാമത്തേതും അവസാനത്തേതുമായ സന്ദർശനത്തിൽ അവർ ആറു മണിക്കൂർ കൊച്ചിയിലും ചെലവഴിച്ചു. അക്കാലത്ത് ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 50-ാം വർഷം ആഘോഷിക്കുകയായിരുന്നു. കൊച്ചിയിലെത്തിയ അവർ മട്ടാഞ്ചേരി പള്ളി പരദേശി സിനഗോഗ്, ഫോർട്ട്കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളി, മത്സ്യത്തൊഴിലാളി കോളനി എന്നിവ സന്ദർശിച്ചു.

മുൻനിര നടനും മക്കൾ നീതി മയ്യം(എംഎൻഎം) സ്ഥാപകനുമായ കമൽഹാസൻ വെള്ളിയാഴ്ച എലിസബത്ത് രാജ്ഞിയുടെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും1997ൽ ഇവിടെ സന്ദർശനം നടത്തിയപ്പോൾ തന്റെ പൂർത്തിയാകാത്ത സംരംഭമായ 'മരുത്നായകം'ത്തിന്റെ സെറ്റുകളിലേക്കുള്ള അവളുടെ സന്ദർശനത്തെ അനുസ്മരിക്കുകയും ചെയ്തു. കോളനി വാഴ്ചയ്ക്കെതിരെ പറയേണ്ട ഡയലോഗുകളെ കുറിച്ച് വളരെയേറെ ബോധവാന്മാരാണ് അവർ സെറ്റിലെത്തിയതെന്നും അതിന്റെ പശ്ചാത്തലത്തിലാണ് സിനിമ ഒരുങ്ങുന്നത്,ലോകവും രാഷ്ട്രീയവും മാറിയെന്ന തിരിച്ചറിവ് അന്തരിച്ച റാണിക്ക് ഉണ്ടായിരുന്നുവെന്നും മുതിർന്ന താരം പറഞ്ഞു. 5 വർഷം മുമ്പ് ഒരു സാംസ്കാരിക പ്രദർശനത്തിനായി ലണ്ടൻ സന്ദർശിച്ചപ്പോൾ ബക്കിംഗ്ഹാം കൊട്ടാരത്തിൽ വെച്ച് അവളുമായുള്ള കൂടിക്കാഴ്ചയും അദ്ദേഹം സ്നേഹപൂർവ്വം അനുസ്മരിക്കുകയും അവരുടെ കൂടിക്കാഴ്ചയുടെ ചിത്രം പങ്കിടുകയും ചെയ്തു.

മിക്ക ബ്രിട്ടീഷുകാരും രാജ്ഞിയെ 'സ്നേഹിക്കുന്നു', 'രാജ്ഞിക്ക് ശേഷം രാജവാഴ്ച എത്രത്തോളം പ്രസക്തമാണ് എന്നതാണ് ചോദ്യം.' എലിസബത്ത് രാജ്ഞിയുടെ വിയോഗത്തെ അടയാളപ്പെടുത്തുന്നതിനായി സെപ്റ്റംബർ 19 തിങ്കളാഴ്ച ദേശീയ ബാങ്ക് അവധിയായിരിക്കുമെന്ന് സർക്കാർ അറിയിച്ചുവേൾഡ് മലയാളി ഫെഡറേഷൻ യുകെ കമ്മ്യൂണിറ്റി എലിസബത്ത് രാജ്ഞിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. VK

# പൂക്കാത്ത ചെടികൾ



**അൻസാർ,**
സൗദി അറേബ്യ



പടർന്നു പന്തലിച്ച കിളിച്ചുണ്ടൻ മാവിന്റെ ഇലകൾക്കിടയിലൂടെ സ്വർണ്ണനിറത്തിലുള്ള പോക്കുവെയിൽ അരിച്ചിറങ്ങുന്ന മധുരസന്ധ്യാനേരം. പതിവുപോലെ ചക്കിയെ ഇന്നും ഞാൻ കണ്ടു, ഒരു ചെറിയ കുടം വെള്ളവുമായി വീടിനുമുറ്റത്തെ ചെടികളെ കുളിരണിയിച്ചു കൊണ്ടവൾ കുണുങ്ങിനടക്കുന്നു. സ്വർണ്ണരശ്മികളേക്കാൾ തിളക്കമുണ്ടവളുടെ മുഖത്ത്.

'ചെടികൾക്ക് നിത്യവും വെള്ളം കൊടുക്കന്നുണ്ടല്ലോ', നടത്തം നിർത്തി ഞാൻ ചോദിച്ചു.

'പിന്നേ കൊടുക്കാതിരിക്കാൻ പറ്റുമോ, അവർക്കും ജീവിക്കണ്ടേ' പുഞ്ചിരി നിറച്ച മറുപടി.

'മഴയത്തു കിട്ടുന്നുണ്ടാല്ലോ വെള്ളം, പിന്നേ വേരുകൾ ആവോളം ഊറുന്നുമുണ്ട്, ജലക്ഷാമം' ഞാൻ കിന്നരിച്ചു.

'എത്ര മഴകൊടുത്തായാലും എന്റെ കൈയീന്ന് കിട്ടിയില്ലെങ്കിൽ വലിയ പിണക്കമാണെന്നേ, പിന്നെ ക്ഷാമം അത് ഞാൻ കാര്യമാക്കുന്നില്ല. ഉള്ളടത്തോളം കൊടുക്കും' സ്നേഹം നിറച്ച മറുപടി.

'ഈ ചെടികൾ പിണക്കം പറയുമോ' ഞാൻ തുടർന്നു

'പിന്നേ, പിണക്കവും, ഇണക്കവും, സന്തോഷവും ദുഖങ്ങളും ഒക്കെ പറയും'

'അത് ചുമ്മാ, ചെടികൾ സംസാരിക്കാറില്ലല്ലോ'

'മനുഷ്യനെപോലെ നാക്കില്ല എന്നേഉള്ളൂ, പക്ഷേ, എല്ലാം സംസാരിക്കും. ഞാൻ കേൾക്കാറുണ്ട്'

'അതെങ്ങനെ'

'ഹൃദയം കൊണ്ട്'

'അപ്പോൾ എന്റെ സംസാരം!'

' ഓ ... അതോ, ചെവികൊണ്ട്'

'ഞാനും ചെടികളെപോലെ സംസാരിച്ചാലോ?'

'എന്നാൽ ... എന്നാൽ ഞാൻ ഹൃദയംകൊണ്ട് കേൾക്കാം'

'പരിഹസിക്കുകയാണല്ലേ'

മണി കിലുങ്ങുന്ന മാതിരി ചിരി മാത്രം,

'ഞാൻ കുറേ കാലമായി ചോദിക്കാൻ ആഗ്രഹിക്കുന്നു'ഞാൻ തുടർന്നു.

'എന്ത്' ഏറെ ആകാംഷയോടെ ചക്കി

'ഒരുപാട് ചെടികൾ ഉണ്ടല്ലോ, ഒന്നിലും പൂക്കളില്ല. എത്ര നാളുകളായി, എത്ര സമയങ്ങളിലായി, എത്ര തുള്ളിവെള്ളം ഈ കൈകളിലൂടെ ഒഴുക്കി പകർന്നു നൽകി. എന്നിട്ടും'

'ഓ അതോ, ഈ ചെടികളൊക്കെപൂക്കാത്ത ചെടികളാണ്, പച്ചയിലകൾ മാത്രം ഉള്ള പൂക്കാത്ത ചെടികൾ'

'അതെന്താ പൂക്കാത്ത ചെടികൾ മാത്രം വളർത്തുന്നത്'

'ഒന്നും പ്രതീക്ഷിക്കാതെ വളർത്താൻ, ഒരുപാട് വെള്ളം കൊടുത്താലും പൂത്തില്ലല്ലോ എന്ന സങ്കടം വരില്ലല്ലോ, അത് മതി അതാണ് എനിക്കിഷ്ടം'

ഒരു നിമിഷം ചക്കിയുടെ നിഷ്കളങ്കത എന്നിൽ എന്തെന്നില്ലാത്ത സന്തോഷവും, അതിലേറെ പ്രണയവും നിറച്ചു. ഒന്നും പ്രതീക്ഷിക്കാതെ സ്നേഹം നൽകുന്ന, ജീവൻ നൽകുന്ന അവളെ ഞാൻ ഹൃദയംകൊണ്ട് പൊതിഞ്ഞു. VK





**വി രാജൻ കോക്കൂരി,**
ഒമാൻ


# ചിതറിയസ്വപ്നങ്ങൾ

നീ ഇത്രവേഗം എന്തിനീ ജീവിതയാത്ര
പാതിവഴിയിൽ നിർത്തി,
എന്നരികിലേക്കുവന്നു?
ഞാൻ എന്തുചൊല്ലാൻ? എന്ന ഒരു നിർവൃതി മാത്രം,
എന്റെ ഒരു സ്വപ്നമെങ്കിലും പൂവണിഞ്ഞല്ലോ!
എന്നെ വിട്ടുപോയ എന്നമ്മയോടപ്പം!


ഓർക്കാതെ ആരോടും യാത്രപോലും ചൊല്ലാതെ,
വന്നതാണമ്മേ, നന്ദി കോവിഡിന് ചൊല്ലണോ?
ഞാൻ മാത്രം എങ്ങിനെ വഴിമാറി നടന്നീടും,
എങ്ങോട്ടെന്നറിയാതെ ഏവരും ഓടിതളർന്നല്ലോ,
വഴിയിൽ എതിരെവരുന്നവരെ, കണ്ടില്ല, പലരും
ഒരു പുഞ്ചിരി നൽകാനും മറന്നല്ലോ?

കുഞ്ഞുങ്ങളോടൊപ്പം കളിക്കാനാകാതെ,
ഫോൺ വിളികൾ കാത്തിരുന്ന അമ്മക്ക്,
ഒരു സന്ദേശത്തിലൊതുക്കി പലരും
ബസ്സ്റ്റോപ്പിൽ നിന്നും മടങ്ങുന്ന
അച്ഛന്റെ കാത്തിരുപ്പുകണ്ണുനിറയുന്നതാരുകണ്ടു?
നെടുവീർപ്പുമാത്രം ബാക്കിയായി.

ജലാശയങ്ങൾ വീണ്ടും നിറഞ്ഞല്ലോ!
മീനുകൾതുള്ളിച്ചാടി,
പറവകൾ പാറിപറന്നു
ശ്വസിക്കുവാൻ നല്ലവായുവും,
ഗ്രാമങ്ങളും ഇന്ന് പ്രിയങ്കരം
വേറെ ഒരു വഴിയും ഇല്ലല്ലോ?

കവിത





**അൻസർ അബ്ദുൾസത്താർ,**
സൗദി അറേബ്യ

# വിത്ത്

പോക്കുവെയിൽ ചൂടിന്റെ സുഖമേറ്റുസ്വച്ഛം
ഒരു കുഞ്ഞുകിളിപ്പാട്ട് നിറയുന്നവഴിയിൽ
മഴ വീണ മണ്ണിലെൻ പാദം തണുപ്പിച്ചു
മന്ദം നടന്നങ്ങുപോകുന്ന നേരം
മുന്നിൽ പതിച്ചൊരു തേൻകനിവിത്ത്
ഏതോ മഴപ്പക്ഷി ചുണ്ടിലെ മധുരത്തിൻ
ബാകിയായൂർന്നെന്മുന്നിൽ വീണതാവാം
ജീവന്റെ നാമ്പിനെയുള്ളിലൊളിപ്പിച്ച
മാമ്പഴവിത്തു ഞാൻ ചെന്നെടുത്തു.

ഈ വിത്തിൽ നിന്നല്ലോ കൃപാകടാക്ഷമാ
കനി മധുര നാമ്പുകൾ പൊട്ടിമുളക്കുന്നു
തണലും തണുപ്പും തളിരിലച്ചന്തവും
അവിരാമമൊഴുകുന്ന ജീവവായു
അതിൻ ചോട്ടിലായിരം ജീവജാലങ്ങളും
ചില്ലമേലായിരം പൂക്കളും കിളികളും
ചേറ്റിലെ പണിയാളർതണലേറ്റു മെല്ലെ
ആറ്റിടും വേർപ്പും, വിശപ്പും, ദാഹവും
പ്രണയാർദ്രമോഹങ്ങൾ ഒന്നായലിഞ്ഞതും.

വേണം നമുക്കിനിയുമൊരുപാട് ചെടികൾ
വേണം തലമുറയ്ക്കൊരു പാട് വൃക്ഷങ്ങൾ
ചൂടാറണം ഭൂമിമാതാവിൻ മാറിടം
അതിനുള്ളിലൂറണം വറ്റാതെ കുടിനീര്
ഹരിതാഭനിറയുന്ന മണ്ണിൻ മടിത്തട്ട്
അമ്മയുടെ ചങ്കിലെ തൊട്ടിലുപോലവേ
അതിലൂടെ മനുജന്മനശ്ശാന്തി കൈവരും
അതിനായെൻ കയ്യിലുള്ളൊരാവിത്തിനെ
മുളപ്പിച്ചു മണ്ണിൻ മടിത്തട്ടിൽ നട്ടുഞാൻ.



# ' കൊവക്ക മെഴുക്കുപുരട്ടി', പ്രകൃതിയുടെ ഇൻസുലിൻ

കൊവക്ക 10

പച്ചമുളക് 3

ഉപ്പ് പാകത്തിന്

കരിവേപ്പില ആവശ്യത്തിന്

വെളിച്ചെണ്ണ 2 ടേ.സ്പൂൺ

**പാകം ചെയ്യുന്നവിധം**

കോവക്ക നീളത്തിലോ വട്ടത്തിലോ, കനം കുറച്ച് അരിയുക, ഉപ്പും കരിവേപ്പിലയും, പച്ചമുളക് കീറിയതും ചേർത്ത് അൽപം വെള്ളം തളിച്ച്, 2 മിനിട്ട് മൂടിവെക്കുക. മൂടി തുറന്ന് 2 സ്പൂൺ വെളിച്ചെണ്ണയും ഒഴിച്ച് 2 മിനിട്ടു കൂടി തുറന്ന് വെച്ച് വഴറ്റുക. കോവക്ക മെഴുക്കുപുരട്ടി തയ്യാർ.

## കോവക്ക അച്ചാർ

കോവക്ക – ¼ കിലോ,

പുഴുക്കലരി – 100 ഗ്രാം,

ഉലുവ –1 ടീ.സ്പൂൺ

കുരുമുളക് –4

ചെറുനാരങ്ങ –4

ഉപ്പ് പാകത്തിന്

**തയ്യാറാക്കുന്ന വിധം:**

ചെറുനാരങ്ങ പിഴിഞ്ഞു നീരെടുക്കുക. കോവക്ക കഴുകി വൃത്തിയായി കനം കുറച്ച് വട്ടത്തിലരിയുക. കോവക്കയും ചെറുനാരങ്ങനീരും പാകത്തിനു ഉപ്പും ചേർത്തു വയ്ക്കുക. അരി, ഉലുവ, കുരുമുളക് എന്നിവ ചട്ടിയിലിട്ട് വെവ്വേറെ തരിയില്ലാതെ പൊടിച്ചെടുക്കണം. പച്ചമുളകു ചതച്ചെടുക്കുക. അരിഞ്ഞു വച്ച കോവക്കയിൽ അരിപ്പൊടി, ഉലുവപ്പൊടി, കുരുമുളകുപ്പൊടി, പച്ചമുളകു എന്നിവ ചേർത്തു ഇളക്കി പാകത്തിനു ചൂടു വെള്ളം ചേർത്തു ഉപയോഗിക്കാം.

## അറേബ്യൻ കോവക്ക അച്ചാർ

അൽപം വിനാഗിരിയും ഉപ്പു ചേർത്ത ലായിനിയിൽ കോവക്ക വട്ടത്തിൽ അരിഞ്ഞ് കണ്ണാടി കുപ്പിയിൽ ഇട്ടുവെക്കുക. രണ്ടാഴ്ച്ചക്കു ശേഷം ഉപയോഗിച്ച് തുടങ്ങാം. ഇത് 6 മാസത്തിൽ കൂടുതൽ കേടുകൂടാതെ ഇരിക്കും. കുബ്ബൂസ് എന്നിവയുടെ കൂടെ ചേർത്ത് ഉപയോഗിക്കാം.

## കൃഷി രീതി

വള്ളി മുറിച്ചു നട്ടാണ് കോവൽ കൃഷി ചെയ്യുന്നത്. തുടർച്ചയായി വലിപ്പമുള്ള കായ്ഫലം തരുന്ന തായ് വള്ളികളിൽ നിന്നാണ് വള്ളി ശേഖരിക്കേണ്ടത്. ഉണങ്ങിയ കാലിവളം, തരിമണൽ, മേൽമണ്ണ് എന്നിവ സമം കൂട്ടിയിളക്കിയത് പോളിത്തിൻ കവറിന്റെ മുക്കാൽ ഭാഗം വരെ നിറക്കുക. വള്ളിയുടെ രണ്ടു മുട്ടുൾ മണ്ണിൽ പുതയാൻ പാകത്തിൽ വള്ളികൾ നടുക. ഇവ തണലിൽ സൂക്ഷിക്കുക. ഒരു മാസത്തിനുള്ളിൽ തൈകൾ മാറ്റി നടാം. പോളിത്തിൻ കവറിന്റെ ചുവടു കീറി കുഴിയിലേക്കു വെക്കുക. അര മീറ്റർ വീതിയും താഴ്ചയും ഉള്ള കുഴികളിലാണു നടേണ്ടത്.

## പരിചരണം

വള്ളി പടർന്നു തുടങ്ങിയാൽ പന്തലിട്ടു വള്ളി കയറ്റിവിടാം. മാസത്തിൽ രണ്ടുതവണ ചുവടു കിളച്ചിളക്കി ചാണകം ചാരം, എല്ലുപൊടി ഇവ ഏതെങ്കിലും ചേർത്തു കൊടുക്കുക. ഒരു മാസം പ്രായമായ കോവൽ ചെടികളിൽ കായയുണ്ടാകാൻ തുടങ്ങും.



ഡബ്ല്യുഎംഎഫ് ഫ്രാൻസ് നാഷണൽ കോർഡിനേറ്റർ ശ്രീ.ജോജു കാട്ടൂക്കാരൻ, മുൻ ഗ്ലോബൽ സെക്രട്ടറി ശ്രീ.സുബാഷ് ഡേവിഡ്, സദൻ എന്നിവർ മന്ത്രി മുഹമ്മദ് റിയാസിനെ കാണുകയും യൂറോപ്പിൽ നിന്ന് കേരളത്തിലെ ടൂറിസം വർധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഡബ്ല്യു എംഎഫ് ഞങ്ങളുടെ ഭാഗത്തുനിന്ന് പൂർണ്ണ പിന്തുണ ഉറപ്പുനൽകി!

# WMF ആറാം വാർഷികം ആഘോഷിച്ചു

ഡബ്ല്യുഎംഎഫ് സ്ഥാപിതമായതിന്റെ ആറാം വാർഷികം 21.09.2022 ബുധനാഴ്ച സംഘടനയുടെ ആസ്ഥാനമായ വിയന്നയിൽ ഡബ്ല്യുഎംഎഫ് Autsria Executive കമ്മറ്റിയുടെ നേതൃത്വത്തിൽ ലളിതമായി ആഘോഷിച്ചു. ഡബ്ല്യുഎംഎഫ് സ്ഥാപകനേതാവും സംഘടനയുടെ ഗ്ലോബൽ ചെയർമാനുമായ Dr. പ്രിൻസ് പള്ളിക്കുന്നേലിന്റെ സാന്നിധ്യത്തിലായിരുന്നു ചടങ്ങുകൾ നടന്നത്.സംഘടന സ്ഥാപിതമായി ഈ ആറ് വർഷക്കാലംകൊണ്ട് ലോകത്തിലെ 162 രാജ്യങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന മലയാളികളെ പ്രതിനിധീകരിക്കുന്ന ഒരു സംഘടനയായി ഡബ്ല്യുഎംഎഫ്ന് വളരാൻ കഴിഞ്ഞതിൽ ഏറെ അഭിമാനവും സന്തോഷവുമുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡോ. അനീഷ് (Critical Care Chief, Al Shifa Hospital Perintalmanna) ഡോ.അനിത (Wims Hospital Wayanad) എന്നിവർ മുഖ്യാതിഥികളായിരുന്നു. ചടങ്ങിൽ ഡബ്ല്യുഎംഎഫ് എക്സിക്യൂട്ടിവ് കമ്മറ്റി അംഗങ്ങൾക്കുപുറമെ ഗ്ലോബൽ കമ്മറ്റി മെമ്പർമാരും സുഹൃത്തുക്കളും പങ്കെടുത്തു.



# ഒമാൻ രക്തദാന ക്യാംബ്

ആഗോള സന്നദ്ധ സംഘടനയായ വേൾഡ് മലയാളി ഫെഡറേഷന്റെ നാലാമത് രക്തദാന കേമ്പ് ഒമാനിലെ ബൗഷർ ബ്ലെഡ് ബാങ്കിൽ സംഘടിപ്പിച്ചു. ഡബ്ല്യുഎംഎഫ് global president Dr J. Retnakumar രക്തദാന കേമ്പ് ഉത്ഘാടനം ചെയ്തു. ഡബ്ല്യുഎംഎഫ് നാഷണൽ കോ ഓർഡിനേറ്റർ ഉല്ലാസ് ചേരിയൻ, നാഷണൽ പ്രസിഡന്റ് സുനിൽ കുമാർ, സെക്രട്ടറി രമ്യാ ഡെൻസിൽ, മിഡിൽ ഈസ്റ്റ് കൗൺസിൽ ഭാരവാഹികൾ രാജൻ കോക്കുറി, അർച്ചന അജീഷ്, ചാരിറ്റി കോർഡിനേറ്റർ ഷൗക്കത്ത് അലി മറ്റുഭാരവാഹികളായ ഉഷ വടശ്ശേരി, അൻസാർ ജബ്ബാർ,എം.കെ. രാജൻ, മൊയ്തു വെങ്ങിലാട്ട്, അജി ആചാരി, ബിജു മാത്യു, എന്നിവർ പങ്കെടുത്തു.






വേൾഡ് മലയാളി ഫെഡറേഷൻ കൂടി സഹകരിച്ചു കൊണ്ട് സെപ്റ്റംബർ 21 മുതൽ 25 വരെ കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നടക്കുന്ന മെഗാ ട്രേഡ് എക്സ്പോയ്ക്ക് ഇന്നലെ തുടക്കം കുറിച്ചു. ഉദ്ഘാടന ചടങ്ങിൽ ഡബ്ല്യുഎംഎഫ് നെ പ്രതിനിധീകരിച്ച് ബഹു.ഗ്ലോബൽ ജോ.സെക്രട്ടറി ശ്രീ.ടോം ജേക്കബ്, ഗ്ലോബൽ പബ്ലിക് റിലേഷൻസ് ഫോറം കോർഡിനേറ്റർ റഫീഖ് മരക്കാർ, സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ.ടി.ബി.നാസർ എന്നിവർ പങ്കെടുത്തു. വരും ദിവസങ്ങളിലെ പരിപാടിയിൽ ഗ്ലോബൽ ചാരിറ്റി കോർഡിനേറ്റർ ശ്രീ.വി.എം.സിദ്ധീഖ് പങ്കെടുക്കും. ഇത്രയും വലിയ ഒരു വേദിയിൽ ഡബ്ല്യുഎംഎഫ് പ്രതിനിധികൾക്കും ഇരിപ്പിടം കിട്ടുക എന്നത് ഏറെ അഭിമാനകരമാണ്.






# ചെമ്മീൻ തല സൂപ്പ്

വീട്ടിൽ ചെമ്മീൻ വാങ്ങിയാൽ തല കളയാറാണ് പതിവ്. ഇനി അത് വേണ്ടാട്ടോ. കാൽ കി. ചെമ്മീൻ വാങ്ങി 4,5 തവണ നന്നായി അലസി കഴുകുക. ശേഷം തല വേർപെടുത്തുമ്പോൾ വരുന്ന ജ്യൂസ് എടുത്തു മാറ്റി വയ്ക്കുക.

### ഇനി ആവശ്യമുള്ളവ.

1. ചെമ്മീൻ തല 1/4 കിലൊ
2. വെളുത്തുള്ളി 2 ഇതൾ
3. ഇഞ്ചി ചെറിയ കഷ്ണം
4. മഞ്ഞൾ പൊടി 1/4 ടീസ്പൂൺ
5. ഉരുള കിഴങ്ങ് 1
6. വെള്ളം - ആ!വശ്യത്തിന്
7. കുരുമുളക് പൊടി 1/2 ടീസ്പൂൺ
8. കറുവപ്പട്ട 1 ഇഞ്ച്
9. മല്ലിയില 1 ടീസ്പൂൺ
10. മുട്ടയുടെ വെള്ള 1
11. ഉപ്പു പാകത്തിന്

### ചെമ്മീൻ സൂപ്പർ തയ്യാറാക്കുന്ന വിധം


ചെമ്മീൻ തല, വെളുത്തുള്ളിയും ഇഞ്ചിയും ചതച്ചിട്ട്, ഉപ്പും 4,5,6 ചേരുവകളും ചേർത്ത് കുക്കറിൽ ഒരു വിസിൽ വരും വരെ വേവിക്കുക.

കുക്കറിന്റെ ആവി പോയതിനുശേഷം,ഉരുളക്കിഴങ്ങ് മാറ്റിവെക്കുക. സൂപ്പ് അരിച്ചെടുത്ത്, അതിലേക്ക് വെന്ത ഉരുളക്കിഴങ്ങ് നന്നായി ഉടച്ചുചേർത്ത് മാറ്റിവയ്ക്കുക. ഒരു ചട്ടിയിൽ അല്പം എണ്ണ ഒഴിച്ച്, പൊടിയായി അരിഞ്ഞ സവാള ചേർത്ത്, ബ്രൗൺ കളർ ആകുന്നത് വരെ, വഴറ്റിയ ശേഷം, കറുവാപ്പട്ട പൊടിച്ചതും കുരുമുളകുപൊടിയും ചേർക്കുക. അതിലേക്ക് സൂപ്പ് ചേർത്ത് തിളപ്പിക്കുക. തീ അണച്ചശേഷം, അതിലേക്കു മുട്ടയുടെ വെള്ള പതപ്പിച്ചത് തുടരെ ഇളക്കി നൂൽ പരുവത്തിൽ ഒഴിച്ച് പതുക്കെ ഇളക്കിച്ചേർക്കുക. മല്ലിയില ചേർത്ത് ചൂടോടെ ഉപയോഗിക്കാവുന്നതാണ്.



**ജെസ്സി മേരി സോളി ജോൺ**
ഫ്ലോറൻസ്, ഇറ്റലി







**അജിത രാകേഷ്**
കണ്ണൂർ

# പുണ്യമായി വന്ന പൂമഴ

മണ്ണിൻമണവുമായെത്തി
വേർപ്പു തുള്ളി തുടയ്ക്കവേ
കാതിലോതുന്നു
സാഹ്ളാദം
മഴ വീഴുകയായി നി...

പറഞ്ഞു തീരുവാൻ കാത്തു
നിന്നില്ല കൈവിളക്കുമായ്
ആകാശക്കോവിലിൽ നിന്നും
മുത്തു കോരിച്ചൊരിഞ്ഞിതാ ...

വെള്ളിനാരിറ വാരത്തെ
മഴയോർത്തു ഗൃഹാതുരം
ശീതക്കാറ്റിൽ മേനിയാകെ
കുളിപ്പിക്കുന്ന കൗതുകം

മഴത്തുള്ളികളാനന്ദ
ത്തിര തീർത്തു
ചിരിക്കവേ
കുതിച്ചു പായുമെൻ ബാല്യ
മമ്മച്ചൂരലിൽ മൗനമായ്

മഴയത്ത് കുളിച്ചീടാൻ
മക്കൾ വെമ്പിയിറങ്ങവേ
മാതൃസ്നേഹം നിവർത്തുന്നു
ശകാരക്കുടയപ്പഴും

മഴ പെയ്തു കുളിർത്തേ പോയ്
മനവും മണ്ണുമിങ്ങനെ
പുണ്യമായ് വരമായ് വന്നു
നിറഞ്ഞീടുക നന്മയായ്